# 13

# ഭൂമിയിൽ- അടിസ്ഥാനമാക്കി സ്വർഗത്തിൽ- കെട്ടപ്പെട്ടു

# (3:17- 21)

"ക്രിസ്തുയേശുവിൽ *ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി* ഞാൻ ലാക്കിലേക്ക് ഓടുന്നു" പൗലൊസിന്റെ പ്രസ്താവന നാം പഠിച്ചു (3:14; എംഫസിസ് ആഡഡ്). "സ്വർഗത്തിൽ*നിന്നും* സ്വർഗത്തി*ലേക്കുള്ള*"[1] ഒരു വിളിയായിട്ടാണ് ഇതിനെ ജെയിംസ് എം. ടോൾ പറഞ്ഞത്. കുറെ വാക്യങ്ങൾക്ക് ശേഷം "ഭൂമിയിലുള്ളവയെ കുറിച്ച് ചിന്തിക്കുന്നതും (3:19)," "സ്വർഗീയ പൗരന്മാർ" യേശുവിന്റെ മടങ്ങി വരവിനെ കുറിച്ച് ചിന്തിക്കുന്നതും വ്യക്തമാക്കിയിരിക്കുന്നു (3:20).

"ലോകത്തിൽ" ആയിരിക്കുകയും "ലോകക്കാർ" ആകാതിരിക്കുകയും ചെയ്യുക എന്നത്–ഒരേ സമയത്ത് ഭൂമിയിൽ അടിസ്ഥാനപ്പെടുകയും സ്വർഗത്തിൽ കെട്ടപ്പെടുകയും ചെയ്യുക എന്നതാണ് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന് (യോഹ. 17:11, 16). ഇപ്പോൾ–ഇവിടെ–ആയിരിക്കുകയും, പിന്നെ–ഒരിക്കൽ–അവിടെ–ആയിരിക്കുകയും എന്ന ചിന്ത നമ്മിൽ നിരന്തരമായ സംഘർഷം ഉണ്ടാക്കും. നാം ഓരോരുത്തരും ചേദിക്കേണ്ട ചോദ്യം ഇതാണ്: "എന്റെ മനസ് ഭൂമിയിലെ വസ്തുക്കളിലാണോ അതോ സ്വർഗീയ കാര്യങ്ങളിലാണോ?"

### സമ്മതിക്കുവാനുള്ള ഒരു മാതൃക (3:17)

**17 സഹോദരന്മാരേ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറികൊൾവിൻ.**

**വാക്യം 17.** പൗലൊസ് മുൻപ് അദ്ധ്യായം 3 ൽ നൽകിയ പ്രബോധനം ഫിലിപ്പിയ സഭയിലെ വ്യക്തികളായ അംഗങ്ങൾക്കായിരുന്നു പ്രായോഗികമാക്കിയത്. വാക്യം 17 ൽ അപ്പൊസ്തലൻ തന്റെ ശ്രദ്ധ മുഴുവൻ ഇടവകയിലേക്കും തിരിക്കുകയാണ്. ഇംഗ്ലീഷിൽ ആ വാക്യം ആരംഭിക്കുന്നത്, **സഹോദരന്മാരേ, ചേരുക** എന്നു പറഞ്ഞുകൊണ്ടാണ്. *സുമ്മിമെറ്റെസ്* എന്ന വാക്കിന്റെ ബഹുവചന രുപത്തിലാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്, "അനുകാരി" (*മിമെറ്റെസ്*) എന്നും "കൂടെ" (*സൺ*)[2] എന്ന പ്രിപോസിഷനും ചേർന്ന സംയുക്ത വാക്കാണ് അത്. "കൂടെ" എന്ന പ്രിപൊസിഷന്റെ അർത്ഥം സൂചിപ്പിക്കുന്നത് ക്രിസ്ത്യാനികൾ ഒരുമിച്ച് ചെയ്യേണ്ടതായ പ്രവൃത്തി എന്നാണ് (കെജെവി നോക്കുക). അതുകൊണ്ട്, എൻഎഎസ്ബിയിൽ "ചേരുക" എന്നാണ്.

എന്തിനോടാണ് ചേരുന്നത്? **എന്റെ മാതൃക പിൻപറ്റുക** എന്ന ഉത്തരവ് ഒരു സാഹസിക സ്വഭാവം ഒരു നിരോധന ഉത്തരവായി ചില ഉപദേഷ്ടാക്ക

ന്മാർ കരുതുന്നു. പൗലൊസ് അക്ഷരികമായി പറഞ്ഞത്, "എന്റെ സഹ-അനുകാരികൾ ആകുക" എന്നാണ്. പൗലൊസ് സ്വാർത്ഥനാണോ? അല്ല, താൻ ആകേണ്ടതുപോലെ ആയിട്ടില്ല എന്ന അറിവ് അവനിൽ ഉണ്ടായിരുന്നു (3:12, 13). തന്റെ വാക്കിന് യോഗ്യത ആവശ്യമാണെന്ന കാര്യം വായനക്കാർക്ക് അറിയാമെന്ന് പൗലൊസ് മനസിലാക്കിയിരുന്നു. അതേ രീതിയിലുള്ള കൽപന അവൻ കൊരിന്ത്യർക്ക് നൽകിയപ്പോൾ, ആ വാക്കിന്റെ യോഗ്യത ഇങ്ങനെ നൽകി: "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരിയാകുവിൻ" (1 കൊ. 11:1; 1 തെസ്സ. 1:6 നോക്കുക). യോഗ്യത നാം സന്ദർഭത്തിൽനിന്നെടുക്കണം. പൗലൊസ് തന്റെ ജീവിതത്തിന്റെ പ്രാധാന്യമായിരുന്നു എടുത്ത് കാണിച്ചിരുന്നത്. അവന് ക്രിസ്തുവിനേക്കാൾ പ്രാധാന്യമുള്ള ഒന്നുമില്ലായിരുന്നു (3:4–11). പിമ്പിലുള്ളത് മറന്നുകൊണ്ടാണ് പൗലൊസ് വിരുതിനായി ലക്ഷ്യത്തിലേക്ക് ആഞ്ഞ് ഓടുന്നത് (3:12–14), അതേ മനോഭാവം ഉണ്ടാകുവാനാണ് അവൻ തന്റെ വായനക്കാരോട് അപേക്ഷിച്ചത് (3:15, 16). ആ പ്രബോധനത്തിന്റെ ഒരു വിപുലീകരണമാണ് വാക്യം 17. ഫലത്തിൽ, പൗലൊസ് പറഞ്ഞു, "എനിക്ക് യേശുവിനോടും ജീവിതത്തോടുമുള്ള എന്റെ മനോഭാവം അനുകരിക്കുക. നിങ്ങളുടെ കണ്ണ് സ്വർഗീയ ലക്ഷ്യത്തിൽ തന്നെ സൂക്ഷിക്കുക!"

വിജയകരമായി എന്തിനെയെങ്കിലും അനുകരിക്കുവാൻ, നാം അതു കാണണം. വീണ്ടും തനിക്ക് ഫിലിപ്പിയരോടുകൂടെ ആയിരിപ്പാൻ കഴിയുമോ എന്ന് പൗലൊസിനു തീർച്ചയില്ലായിരുന്നു (1:27 നോക്കുക), അതുകൊണ്ട്, അവൻ തന്റെ പ്രബോധനത്തെ വിപുലമാക്കി: **ഞങ്ങൾ നിങ്ങൾക്ക് കാണിച്ച മാതൃക പ്രകാരം നടക്കുന്നവരെയും കുറികൊൾവിൻ**. പഴയനിയമത്തിലും പുതിയ നിയമത്തിലും "നടക്കുക" എന്ന വാക്ക് പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത് "ജീവിക്കുക" എന്ന അർത്ഥത്തിലാണ് (സങ്കീ. 1:1; 1 യോഹ. 1:7 നോക്കുക). അനുകരിക്കുവാൻ യോഗ്യരായ ആളുകളിൽ ഫിലിപ്പിയയിലേക്കു പോകുവാനിരിക്കുന്ന എപ്പഫ്രൊദിത്തൊസും (2:25), പെട്ടെന്ന് അവിടേക്ക് പോകുവാനിരുന്ന തിമൊഥെയൊസും ഉൾപ്പെടുന്നു (2:19). ഫിലിപ്പിയയിലെ പക്വതയുള്ള ഏതൊരു ക്രിസ്ത്യാനിയും നല്ല മാതൃകയുള്ള ജീവിതം നയിച്ചിരിക്കാം (3:15 നോക്കുക).

ഇതിനോട് ചേർത്ത് രണ്ട് വാക്കുകൾ പറയാവുന്നതാണ്. ഒന്ന് "കുറികൊൾവിൻ" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*സ്പോപെയോ*). വാക്യം 14 ൽ "ലാക്ക്" എന്ന വാക്കിന് ഉപയോഗിച്ചതിന്റെ ക്രിയയാണ്. "ലാക്ക്" കാണുന്നതിനെയാണ് സൂചിപ്പിക്കുന്നത്; ഓട്ടക്കാരൻ തന്റെ ഓട്ടം അവസാനിക്കുന്ന രേഖയെ ലക്ഷ്യമാക്കുന്ന ഭാവനയാണ് ഇവിടെ നൽകിയിരിക്കുന്നത്. നോക്കുന്ന ആശയവും *സ്കോപെയോ* വ്യക്തമാക്കുന്നു: അതിന്റെ അർത്ഥം, നോക്കുക, സൂക്ഷിക്കുക, ധ്യാനിക്കുക"[3] പൗലൊസ് ആ വാക്ക് നിഷേധസൂചകമായി റോമർ 16:17 ൽ ഉപയോഗിച്ചിരിക്കുന്നു ("നിങ്ങളുടെ കണ്ണുകൾ വെക്കുക"), എന്നാൽ ഇവിടെ അവൻ ക്രിയാത്മകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. "അവരെ അനുകരിക്കുവാൻ, നിരന്തരമായി [അവരുടെ] കണ്ണുകൾ വിശ്വസ്തരെ നോക്കിയിരിക്കുവാനാണ്"[4] അപ്പൊസ്തലൻ പറഞ്ഞത്.

രണ്ടാമത് ഒന്നു നോക്കേണ്ട വാക്കാണ് "മാതൃക." *ടൂപോസ്* എന്ന വാക്ക് തർജിമ ചെയ്തതാണ് "മാതൃക," അതിൽനിന്നാണ് ഇംഗ്ലീഷ് വാക്ക് "ടൈപ്പ്" നമുക്ക് കിട്ടിയിരിക്കുന്നത്. കെട്ടിടത്തിന്റെ മാതൃകക്കാണ് ആ വാക്ക് ഉപയോ

ഗിച്ചിരുന്നത് (എബ്രാ. 8:5). ഉപദേശപരമായ മാതൃകക്കും അത് ഉപയോഗിച്ചിരുന്നു (റോമർ 6:17), സാന്മാർഗിക മാതൃകക്കും ഉപയോഗിച്ചിരുന്നു (1 കൊ. 10:6, 11; 1 തെസ്സ. 1:7 നോക്കുക). ഇന്ന് സഭക്ക് വേണ്ടതായ മാതൃക പുതിയ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു: നാം വിശ്വസിക്കേണ്ടതിനും ഉപദേശിക്കേണ്ടതിനും.

## ഒഴിവാക്കേണ്ട ആളുകൾ (3:18, 19)

**[18]ഞാൻ പലപ്പോഴും നിങ്ങളോട് പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിന്നു ശത്രുക്കളായി നടക്കുന്നു എന്നു ഇപ്പോൾ കരഞ്ഞുംകൊണ്ട് പറയുന്നു. [19]അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറ്; ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു.**

**വാക്യം 18, 19.** നല്ല മാതൃകകളോടൊപ്പം മോശമായ മാതൃകകളും സമൂഹത്തിൽ കാണുവാൻ കഴിയും. തങ്ങളുടെ മക്കൾ ആരെ അനുകരിക്കും എന്ന കാര്യത്തിൽ മാതാപിതാക്കൾ ആശങ്കയിലാണ്. അതുപോലെ തന്റെ വായനക്കാരെ പ്രബോധിപ്പിച്ചശേഷം, നല്ല മാതൃക പിൻപറ്റുവാനാണ് പറഞ്ഞത്. അതിനാൽ, പൗലൊസ് ഫലത്തിൽ നൽകിയത്, മോശമായ മാതൃക പിൻപറ്റരുത് എന്ന മുന്നറിയിപ്പാണ്.

പൗലൊസ് ഒരുപക്ഷെ മുൻപ് അവിടെ സന്ദർശിച്ചപ്പോൾ അത്തരം ആളുകളെ ഫിലിപ്പിയയിൽ കണ്ടിരിക്കാം, അല്ലെങ്കിൽ ഇതിനു മുൻപ് അയച്ച ലേഖനങ്ങളിൽ പറഞ്ഞിരുന്നോ (3:1) എന്നൊന്നും നമുക്ക് അറിയില്ല. ആദ്യം അവരെ കുറിച്ച് മുന്നറിയിച്ചതിനാൽ പൗലൊസിന് അവരെ അറിയാമായിരുന്നു–പക്ഷെ നമുക്ക് അറിയില്ല. ചില എഴുത്തുകാർ പറഞ്ഞതുപോലെ, നാം സംശയ ദൂരീകരണത്തിനു നോക്കുകയാണെങ്കിൽ അദ്ധ്യായം 3 ന്റെ ആദ്യ ഭാഗം നോക്കണം: യെഹൂദ ഉപദേഷ്ടാക്കന്മാർ (വാ. 2), അവർ **ക്രിസ്തുവിന്റെ ക്രൂശിന്നു ശത്രുക്കളായിരുന്നു,** കാരണം "[യെഹൂദ ഉപദേഷ്ടാക്കന്മാർ] പഠിപ്പിച്ചതുപോലെ ന്യായപ്രമാണത്താൽ നീതി വരുമെങ്കിൽ ക്രിസ്തു മരിക്കേണ്ട ആവശ്യമില്ലല്ലൊ." (ഗലാ. 2:21). യെഹൂദ ഉപദേഷ്ടാക്കന്മാർക്ക് അവസാനം **നാശം** [ആയിരുന്നു] **വരുവാനിരുന്നത്**. കാരണം അവർ "ന്യായപ്രമാണത്താൽ നീതീകരണം അന്വേഷിച്ചതുകൊണ്ട് ... അവർ കൃപയിൽനിന്നു വീണുപോയി." (ഗലാ. 5:4). അവരുടെ **ദൈവം വയറ്** എന്ന പ്രയോഗം സൂചിപ്പിക്കുന്നത് പഴയനിയമത്തിലെ ആഹാര നിയമങ്ങളിൽ ശഠിക്കുന്നതു നിമിത്തം ആയിരിക്കാം. **ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു** എന്നത്, അവരുടെ തെറ്റുകളെ കുറിച്ച് "ലജ്ജിക്കാതെ" ന്യായപ്രമാണം ആചരിക്കുന്നതായിരിക്കാം പറയുന്നത് (ചിലപ്പോൾ നഗ്നതയുടെ പര്യായമായ പരിഛേദന ഉപയോഗിച്ചിട്ടുണ്ട് [മീഖാ. 1:11; നാഹൂം. 3:5 നോക്കുക]). ആ യെഹൂദ ഉപദേഷ്ടാക്കന്മാർ **ഭൂമിയിലുള്ളതായിരുന്നു ചിന്തിച്ചിരുന്നത്**. ആചാരങ്ങളിലും ചടങ്ങുകളിലുമായിരുന്നു അവർ പ്രാഥമികമായും ഊന്നൽ കൊടുത്തിരുന്നത്.

3:18, 19 ലെ പദപ്രയോഗങ്ങൾ യോജിക്കുന്നത്, ക്രിസ്ത്യാനികൾക്ക് എങ്ങനെ വേണമെങ്കിലും, ജീവിക്കാം, അവർക്ക് ദൈവകൽപന പ്രമാണിക്കേണ്ട ആവശ്യമില്ല എന്നു പഠിപ്പിക്കുന്ന ദുരുപദേഷ്ടാക്കന്മാർക്കാണ് എന്ന് മറ്റു എഴുത്തുകാർ സംശയിക്കുന്നു.[5] അവരും "ക്രൂശിന്റെ ശത്രുക്കളാണ്,"

കാരണം, പാപവും സ്വയവും മരിക്കുന്നതിന്റെ അടയാളമാണ് ക്രൂശ് (മത്താ. 16:24). ആ ദുരുപദേഷ്ടാക്കളുടെ അവസാനം "നാശം" ആണ്, കാരണം അവർ "ജഡത്തിന്റെ പ്രവൃത്തികൾ" പരിശീലിക്കുന്നവരാകയാൽ, "ദൈവരാജ്യം അവകാശമാക്കുകയില്ല" (ഗലാ. 5:19–21). അവർ ജഡിക ഇഛക്ക് തങ്ങളെ ത്തന്നെ ഏൽപിച്ചുകൊടുത്തതിനാൽ, അവരുടെ "ദൈവം" "അവരുടെ വയർ" ആയിരുന്നു. ലജ്ജയായതിൽ അവർക്ക് മാനം തോന്നിയിരുന്നു. അവരുടെ "ചിന്ത" കേന്ദ്രീകരിച്ചിരുന്നത് ഭൂമിയിലായിരുന്നു.

പൗലൊസിന്റെ മനസിലുണ്ടായിരുന്നത്[6] ആരായിരുന്നാലും, അവരെ കുറിച്ചു ചിന്തിക്കുന്നതു പോലും അവനെ വേദനിപ്പിച്ചിരുന്നു. അവരെ കുറിച്ച് എഴുതിയപ്പോൾ അവൻ കരഞ്ഞുപോയി. "കരഞ്ഞു" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*ക്ലായിയോ*) സൂചിപ്പിക്കുന്നത് "ദുഃഖത്തിന്റെ ഉറച്ച പ്രകട നമാണ്" (3:18).[7] ഫിലിപ്പിയയിലെ തന്റെ പ്രിയരായവർക്ക് ഭീഷണി ഉയർത്തിയ ദുരുപദേഷ്ടാക്കന്മാർ പൗലൊസിനു വേദനയുണ്ടാക്കി.

അവർ ആരായിരുന്നാലും അവരുടെ അവസാനം "നാശം" ആയിരുന്നു. "നാശം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*അപോലെയിയാ*) ഉപ ദ്രവിക്കുന്ന അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ അവസാനം അറിയി ക്കുന്നതിന് ആ വാക്ക് മുൻപ് ഉപയോഗിച്ചിരുന്നു (1:28). ഇവിടെ പറയുന്നത് അഭക്തരായ ക്രിസ്ത്യാനികളുടെ അന്ത്യത്തെ ആണ് വ്യക്തമാക്കുന്നത്. അത് പറയുന്നത് ദുഷ്ടന്മാർക്ക് വരുവാനിരിക്കുന്ന ന്യായവിധിയെയാണ് (മത്താ. 7:13; 2 പത്രൊ. 3:7; വെളി. 17:8, 11).[8] "അവർ നഗരത്തിലേക്കാണ് പോകുന്നത്!" എന്നാണ് സിഇൗവിയിൽ.

ആ ദുരുപദേഷ്ടാക്കന്മാരെ പൗലൊസ് വിവരിച്ച വാക്കുകളിൽ "അവരുടെ ദൈവം വയറ്" എന്നും പറഞ്ഞിരിക്കുന്നു. എന്തെങ്കിലും ഒരാളുടെ "ദൈവം" ആണ് എന്നു പറഞ്ഞാൽ, അത് (എന്തായാലും) കൂടുതൽ പ്രാധാന്യം കൊടു ക്കുകയും, അയാളുടെ ജീവിതത്തെ അത് നിയന്ത്രിക്കുകയും ചെയ്യും. "അപ്പെ റ്റൈറ്റ്" എന്നതിനു പകരം ഗ്രീക്കിൽ, *കൊയിലിയ*, അർത്ഥം "വയറ്" എന്നാണ് (കെജെവി നോക്കുക). ആഹാരത്തിന് അടിമപ്പെടുന്നതും പൗലൊസ് പറഞ്ഞ തിൽ ഉൾപ്പെടുന്നു (അത്യാർത്തി; ആവ. 21:20; സദൃ. 23:21; 28:7; തിത്തൊ. 1:12) അല്ലെങ്കിൽ എന്തിലെങ്കിലും ആസക്തിയുള്ളവനാകുക (മദ്യം, മയക്ക് മരുന്ന് തുടങ്ങിയവ). അവന്റെ വാക്കുകളിൽ പൊതുവായ ജഡത്തിന്റെ ആർത്തിയും ഉൾപ്പെടുന്നു, അതായത് അവിഹിത ലൈംഗിക വേഴ്ച്ച.[9] "തങ്ങളുടെ ശരീരം ആവശ്യപ്പെടുന്നതെന്തും അവർ ചെയ്യും" എന്നാണ് എൻസിഇൗവിയിൽ. സഭയിൽ ഭിന്നത വരുത്തുന്ന ദുരുപദേഷ്ടാക്കന്മാരെ പറയുന്നതിന് റോമർ 16:17, 18 ലും ഇതേ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ആ വേദഭാഗത്ത് പറയുന്നത്, ഒരാളുടെ വ്യക്തിപരമായ ആഗ്രഹങ്ങളാണ് അയാൾക്ക്–മുഖ്യം എന്നാണ് വ്യക്തമാക്കുന്നതെന്ന് തോന്നുന്നു. നമ്മിൽ ഓരോരുത്തർക്കും പലപ്പോഴും ഉണ്ടായിട്ടുള്ള പരീക്ഷണമാണ് സ്വയ–കേന്ദ്രീകൃതമായ അവസ്ഥ.

പൗലൊസ് പിന്നെ പറയുന്ന പ്രയോഗം ഇന്ന് ആനുകാലിക പ്രസക്തി യുള്ളതാണ്: "ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു." അവർ പങ്കെ ടുക്കുന്ന അഭക്തമായ പ്രവൃത്തികളിൽ അവർ പ്രശംസിക്കുവാനാണ് ആ ആളുകൾ ആഗ്രഹിക്കുന്നത്.

ആ പ്രശ്നത്തിന്റെ കേന്ദ്രം വാക്യം 19 ന്റെ അവസാനം കാണാം: പൗ ലൊസ് കുറ്റപ്പെടുത്തിയ ആളുകൾ തങ്ങളുടെ ചിന്ത ഭൂമിയിലായിരുന്നു

വെച്ചിരുന്നത്. ഇതിനെ എൽബിയിൽ സമാന്തരപ്രയോഗം നടത്തിയിരിക്കുന്നത് ഇങ്ങനെയാണ്: "... അവർ ചിന്തിക്കുന്നതെല്ലാം ഭൂമിയിലെ ഈ ജീവിതത്തെ കുറിച്ചു മാത്രമാണ്." ചാൾസ് ആർ. ഏർഡ്മാൻ എഴുതി, "കാലത്തിലും സമയത്തിലും ഒതുങ്ങി നിൽക്കുന്നതാണ് അവരുടെ ചക്രവാളം."[10] അവരുടെ മനസ് കേന്ദ്രീകരിച്ചിരിക്കുന്നത് ഇങ്ങനെ ചുരുക്കി പറയുന്നു: അവരുടെ ആർത്തിക്ക് *കീഴ്പ്പെട്ട്* ഈ ലോകത്തിന്നു *സമർപ്പിക്കപ്പെട്ടതിനാൽ* നരകത്തിനായി *നിർണ്ണയിക്കപ്പെട്ടിരിക്കുന്നു.*[11]

## കൈവരിക്കുവാൻ ഒരു ഉദ്ദേശം (3:20-4:1)

**[20]നമ്മുടെ പൗരത്വമോ സ്വർഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു.**
**[21]അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും.**
**[1]അതുകൊണ്ട് എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ, എന്റെ സന്തോഷവും കിരീടവുമായുള്ളോരേ.**

**വാക്യം 20.** തന്റെ വായനക്കാരോടുള്ള ആഗ്രഹം പൗലൊസ് ചുരുങ്ങിയ വാക്കുകളാൽ റോമയിലുള്ള ക്രിസ്ത്യാനികളോട് പ്രകടിപ്പിച്ചിരിക്കുന്നു. "ഈ ലോകത്തിന്നു അനുരൂപമാകാതെ മനസ് പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2). അതേ ആശയം കൊലൊസ്യരോടും അവൻ അവതരിപ്പിച്ചിരിക്കുന്നു: "ഭൂമിയിലുള്ളതല്ല; ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ" (കൊലൊ. 3:2). കൊലൊസ്യർ 3:2 ജെ. ബി.ഫിലിപ്സ് തർജിമ ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്: "കടന്നുപോകുന്ന ഈ ഭൂമിയിലല്ല, സ്വർഗീയമായവയിൽ തന്നെ നിങ്ങളുടെ ഹൃദയം ഉറപ്പിച്ചുകൊൾവിൻ."

സ്വർഗീയമായവയിൽ എന്നു പറയുമ്പോൾ മുഖ്യമായും അവരുടെ ഹൃദയം ഉറപ്പിക്കേണ്ടത് *സ്വർഗത്തിൽ തന്നെ* ആയിരുന്നു. മോശമായ മാതൃകകളെ ഫിലിപ്പിയർക്ക് മുന്നറിയിച്ചശേഷം പൗലൊസ് 3:17 ലെ ചിന്താധാര ആവർത്തിക്കുവാൻ തുടങ്ങുന്നു.[12] അവൻ എഴുതി, **നമ്മുടെ പൗരത്വമോ സ്വർഗത്തിൽ ആകുന്നു.**[13] "പൗരത്വം" തർജിമ ചെയ്തിരിക്കുന്നത് (*പൊളിറ്റെയുമാ*), 1:27 ൽ ഉപയോഗിച്ച ക്രിയയുടെ നാമമാണ് അത്. 3:20 ജെയിംസ് മോഫത് തർജിമ ചെയ്തിരിക്കുന്നത് "നാം സ്വർഗീയ കോളനിക്കാരാണ്" എന്നത്രെ. ഫിലിപ്പിയ ഒരു റോമൻ കോളനിയായിരുന്നതുകൊണ്ട് ഈ ഭാവന അവർക്ക് പ്രത്യേകതയുള്ളതായിരുന്നു. ഒരു റോമാ കോളനിക്ക് ചില പ്രത്യേക നേട്ടങ്ങൾ ഉണ്ടായിരുന്നു, അതുപോലെ ചില ഉത്തരവാദിത്തങ്ങളും ഉണ്ടായിരുന്നു. റോമൻ കോളനിയിലെ പൗരന്മാരുടെ സഖ്യത റോമിനോടായിരുന്നു. അവർ റോമൻ നിയമമായിരുന്നു അനുസരിക്കേണ്ടത്, അതിന്റെ മഹിമയിലായിരുന്നു അവരുടെ പ്രത്യാശ. കൂടാതെ റോമൻ ആശയവും–ആചാരവും കോളനിക്കാർ പ്രചരിപ്പിക്കണമായിരുന്നു.

ക്രിസ്ത്യാനികളായ നാം, ഈ ലോകത്തെ സംബന്ധിച്ച് "പരദേശികൾ" ആണ് (ഇവിടെ താമസിക്കുന്ന മറ്റൊരു ദേശക്കാർ). അതായത്, നാം "ഭൂമിയിൽ അന്യരും പരദേശികളുമാണ്" (എബ്രാ. 11:13; 1 പത്രൊ. 2:11 നോക്കുക).

നമ്മുടെ പേരുകൾ "സ്വർഗത്തിലെ ജീവപുസ്തകത്തിൽ" പൗരന്മാരായി രേഖപ്പെടുത്തിയിരിക്കുകയാണ് (ഫിലി. 4:3; എബ്രാ. 12:23). ഈ ലോകം നമ്മുടെ "താൽക്കാലിക വിലാസം" മാത്രമാണ്; നമ്മുടെ "സ്ഥിരവിലാസം" സ്വർഗത്തിലാണ്. റോമൻ കോളനിക്കാരെ പോലെ, നമുക്കും ചില നേട്ടങ്ങളും അതനുസരിച്ചുള്ള ഉത്തരവാദിത്തങ്ങളും ഉണ്ട്. നമ്മുടെ സ്വർഗീയ പിതാവിനോടാണ് നമുക്ക് സഖ്യതയുള്ളത്. അവന്റെ നിയമം അനുസരിച്ചാണ് അവൻ നമ്മെ വാഴുന്നത്, അവന്റെ മഹിമയിലാണ് നമ്മുടെ പ്രത്യാശ കേന്ദ്രീകരിച്ചിരിക്കുന്നത്–ക്രിസ്തീയ സത്യങ്ങൾ നാം പ്രചരിപ്പിക്കണമെന്ന് അവൻ പ്രതീക്ഷിക്കുന്നു.

ഫിലിപ്പിയർ *സ്വർഗീയ വ്യക്തിയിൽ* ശ്രദ്ധ കേന്ദ്രീകരിക്കുവാനും പൗലൊസ് പറഞ്ഞു. സ്വർഗത്തെ കുറിച്ചുള്ള ചിന്ത അവൻ തുടർന്നു: **അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരുമെന്ന് നാം കാത്തിരിക്കുന്നു**. അവസാന നാളിനായി താൻ നോക്കിപ്പാർത്തിരിക്കുന്നു എന്നും അങ്ങനെ ക്രിസ്തുവിനെ തനിക്കു പൂർണ്ണമായി അറിയുവാനും കഴിയും എന്നും പൗലൊസ് ആദ്യം പറയുകയുണ്ടായി (3:10, 11). അലെക് മോട്ടിർ എഴുതി,

> നാം പല കാര്യങ്ങൾക്കുമായി കാത്തിരിക്കുകയാകാം: പാപത്തിന്റേയും പരീക്ഷണത്തിന്റേയും സാന്നിധ്യത്തിൽനിന്നു തന്നെയുള്ള വിടുതലും; പഴയനിയമകാലത്തെ പ്രമുഖരായിരുന്നവരെ കണ്ടുമുട്ടൽ: അബ്രഹാം, യിസഹാക്ക്, പൗലൊസിനേയും; ഭൂമിയിലായിരുന്നപ്പോഴത്തെ പ്രിയപ്പെട്ടവർ: സ്വർഗീയ സ്ഥാനത്തിന്റെ മഹിമയും; അതെ, തീർച്ചയായും, അവയെല്ലാമുണ്ട്, എന്നാൽ അവക്കെല്ലാം പുറമെ, വളരെ അർത്ഥവത്തായ മറ്റൊരു ഘടകം സ്വർഗത്തിൽ ശ്രദ്ധിക്കുവാൻ ഉള്ളത് ഏകവ്യക്തിയിൽ കൂടെയാണ് ഇത്ര വലിയ സമൂഹം ലഭിക്കുന്നതും, അവന്നു മാത്രമാണ് മഹത്വമുള്ളതും ... *രക്ഷിതാവായ യേശുക്രിസ്തു*. "അങ്ങനെ നാം എന്നേക്കും *കർത്താവിനോടുകൂടെയിരിക്കും,*" എന്നു പൗലൊസ് മറ്റൊരു സ്ഥലത്ത് എഴുതിയിരിക്കുന്നു.[14]

താൻ മരിക്കുന്നതിനു മുൻപ്, യേശു തന്റെ അവസാന മണിക്കൂറുകളിൽ ശിഷ്യന്മാരോട് അവൻ മടങ്ങി വരുമെന്ന് വാഗ്ദാനം ചെയ്തു (യോഹ. 14:1–4). അവൻ സ്വർഗാരോഹണം ചെയ്തപ്പോൾ, അത് നോക്കി നിന്നവരോട് ദൂതൻ പറഞ്ഞു, "ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗത്തിലേക്ക് കയറി പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു" (പ്രവൃ. 1:11). കർത്താവ് ഏതു സമയത്തും വരുമെന്ന പ്രതീക്ഷയിലായിരുന്നു ആദ്യ ക്രിസ്ത്യാനികൾ (1 തെസ്സ. 4:13–5:2; തിത്തൊ. 2:13; എബ്രാ. 9:28). അവരുടെ ജീവിതത്തിനു അർത്ഥം നൽകുന്നതായിരുന്നു ക്രിസ്തുവിന്റെ രണ്ടാം വരവ്. ദൈനന്തിന പ്രശ്നങ്ങളെ നേരിടുവാനും, ഉപദ്രവഘട്ടങ്ങളെ അതിജീവിച്ച് മുന്നേറുവാനും അവരെ സഹായിക്കുന്നതായിരുന്നു അവൻ മടങ്ങി വരുമെന്ന പ്രതീക്ഷ.

രക്ഷിതാവിന്നായി ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു എന്നു പറയുന്നത് അതിശയോക്തിയായിരുന്നില്ല. "താൽപര്യത്തോടെ കാത്തിരിക്കുന്നു" എന്നത് ഗ്രീക്കിൽ *അപെക്ഡെകോമായി* എന്നാണ്. അത് *അപോ*

എന്നും *ഏക്* എന്നും രണ്ട് പ്രിപോസിഷൻ വാക്കുകൾ ചേർന്നതാണ്, അർത്ഥം "സ്വീകരിക്കുക" (*ഡെകോമായി*). "ആ വാക്ക് [പുതിയ നിയമത്തിൽ] എട്ടു പ്രാവശ്യം കാണുന്നതിൽ, പൗലൊസ് തന്നെ ആറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ക്രിസ്ത്യാനി സന്തോഷത്തോടെ ഉത്ക്കണ്ഠാകുലനായി, ക്രിസ്തുവിന്റെ രണ്ടാം വരവിനായി താൽപര്യത്തോടെ കാത്തിരിക്കയാൽ, അത് ഒരു പ്രത്യേക വാക്കാണ്."[15]

"രക്ഷിതാവ്" എന്ന വാക്ക് ഉൾപ്പെടുത്തിയിരിക്കുന്നത് പ്രാധാന്യമർഹിക്കുന്നു, എന്നാൽ അത് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, അവൻ മടങ്ങി വരുമ്പോൾ തന്റെ ജനവുമായുള്ള ബന്ധത്തിലാണ്. അഭക്തർക്ക് അവൻ പ്രത്യക്ഷനാകുന്നത് ഒരു ന്യായാധിപനായിട്ടാണ്, എന്നാൽ തനിക്കുള്ളവർക്ക് അവൻ ഒരു രക്ഷകനായിട്ടാണ് വരുന്നത്. അവൻ രക്ഷകനായി വരുന്നത്–അവരെ പാപം നിറഞ്ഞ ലോകത്തിൽനിന്നു വിടുവിപ്പാനാണ്, അവരെ നീതീകരിക്കുവാനും, അവരെ നിത്യതയിൽ തന്നോടുകൂടെ ചേർത്തുകൊള്ളുവാനുമാണ്.

ആദ്യക്രിസ്ത്യാനികളെ പോലെ, നമ്മുടെ മനസ് യേശുവിൽ കേന്ദ്രീകരിക്കയും "അവന്റെ വരവിന്നായി" ആകാംക്ഷയോടെ കാത്തിരിക്കുകയും വേണം. അവരെ പോലെ, അവന്റെ വരവ് ഏതു സമയത്തും ആകാം എന്നതായിരിക്കണം നമ്മുടേയും തിരിച്ചറിവ്. അവരെ പോലെ "ആമേൻ, കർത്താവായ യേശുവേ വരേണമേ" എന്നായിരിക്കണം നമ്മുടേയും പ്രാർത്ഥന (വെളി. 22:20)!

**വാക്യം 21.** കർത്താവ് വീണ്ടും വരുമ്പോൾ ധാരാളം അത്ഭുതകരമായ സംഭവങ്ങൾ നടക്കും. നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കും (മത്താ. 25:31, 32). അവന്റെ വലത്തുഭാഗത്ത് നിൽക്കുന്നവർ സ്വർഗത്തിലേക്കും ഇടത്തുഭാഗത്തു നിൽക്കുന്നവർ നരകത്തിലേക്കും പോകും (മത്താ. 25:34, 41, 46). എങ്ങനെയായാലും, പൗലൊസിന്–പ്രായമായതിനാൽ–ഓരോ ദിവസവും ശരീരം ബലഹീനമായിക്കൊണ്ടിരിക്കുകയായിരുന്നു–ആവേശകരമായ ഒരു സംഭവമായിരിക്കും ശരീരത്തിന്റെ വീണ്ടെടുപ്പ്. ക്രിസ്ത്യാനിയുടെ **താഴ്മയുള്ള ശരീരം അവന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുത്തും.**

"നമ്മുടെ താഴ്മയുള്ള ശരീരം"[16] എന്നു പറഞ്ഞിരിക്കുന്നത് ഇപ്പോൾ നാം ആയിരിക്കുന്ന ഭൗതിക ശരീരമാണ്, അത് നശിക്കുവാനുള്ളതും, രോഗം വരുന്നതും, മാറ്റം സംഭവിക്കുന്നതും, മരിക്കുവാനിരിക്കുന്നതും, ദ്രവിക്കുന്നതുമാണ്. ഈ ശരീരത്തെ കുറിച്ച് ആവൻ മലോൺ വ്യക്തമായി വിവരിച്ചിരിക്കുന്നു: "അതിനു പരിമിതികൾ ഉള്ളതും, ചാപല്യമുള്ളതും, വേദനിക്കപ്പെടുന്നതും, അവസാനം മരണത്താൽ ദ്രവീകരിക്കുന്നതുമാണ്."[17] "മഹിമയുള്ള അവന്റെ ശരീരം" എന്നത് സ്വർഗത്തിലെ അവന്റെ ആത്മിയ ശരീരമാണ്. യേശുവിന്റെ "മഹത്വമുള്ള ശരീരം" (കെജെവി) എന്നു പറയുന്നത് മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേൽക്കുന്ന വിശ്വസ്തർക്ക് ലഭിക്കുവാനിരിക്കുന്നതിന്റെ ആദ്യമാതൃകയാണ്.

"അനുരൂപമാകുക," "രൂപാന്തരപ്പെടുക" എന്നീ വാക്കുകൾ മാറ്റത്തിന്റെ പൂർണ്ണതയെ ഊന്നൽ നൽകി പറയുന്നതാണ്. "അനുരൂപപ്പെടുക" (*മെറ്റാസ്കെമാറ്റിസോ*) ആമുഖമായ *സ്കേമാ* എന്ന വാക്കും (*മെറ്റാ*, "എമങ്") എന്ന വാക്കും ചേർന്നതാണ്. "രൂപാന്തരപ്പെടുക" (*സുമ്മോർഫോസ്*) എന്നത് ആമുഖമായ *മോർഫെ* എന്നും (*സൺ*, "വിത്ത്") എന്നും ചേർന്നതാണ്. *സ്കേമാ*

എന്നു പറയുന്നത് ഒരു വ്യക്തിയുടെയോ അല്ലെങ്കിൽ വസ്തുവിന്റെയോ പുറമെയുള്ള മാറ്റത്തെയാണ്, എന്നാൽ *മോർഫെ* എന്നു പറയുന്നത്, മാറാത്ത ആവശ്യമായ സ്വഭാവത്തെയാണ്. കർത്താവ് വീണ്ടും വരുമ്പോൾ മനുഷ്യശരീരത്തിന്റെ പുറമെ കാണുന്നതും ആവശ്യമായ സ്വഭാവവും മാറും. “അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവനെ താൻ ഇരിക്കുമ്പോലെ കാണുന്നതാക കൊണ്ട് അവനോട് സദൃശന്മാർ ആകും” (1 യോഹ. 3:2)!

അത് എങ്ങനെ സംഭവിക്കുമെന്ന് എനിക്ക് മനസിലാകുന്നുണ്ടോ? ഇല്ല, പക്ഷെ വിശ്വാസത്താൽ ഞാൻ അത് സ്വീകരിക്കുന്നു. ഏർഡ്മാൻ എഴുതി, “നമ്മുടെ ആകാംക്ഷ ശമിപ്പിക്കുവാനുള്ള വാക്കുകളല്ല അത്, എന്നാൽ അവ നമ്മെ പ്രത്യാശക്ക് പ്രചോദിപ്പിക്കുകയും, ആശ്വസിപ്പിക്കുകയും, ഉണർത്തുകയും ചെയ്യും.”[18] 1 കൊരിന്ത്യർ 15 ൽ പൗലൊസ് എഴുതിയതായിരിക്കാം ഒരുപക്ഷെ 3:20 ന്റെ ഏറ്റവും നല്ല വ്യാഖ്യാനം:

> പക്ഷെ ഒരുവൻ; “മരിച്ചവർ എങ്ങനെ ഉയിർക്കുന്നു എന്നും ഏതു വിധം ശരീരത്തോടെ വരുന്നു?” എന്നും ചോദിക്കും. മൂഢാ! നീ വിതെക്കുന്നത് ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. നീ വിതെക്കുന്നതോ ഉണ്ടാകുവാനുള്ള ശരീരമല്ല, കോതമ്പിന്റെയോ മറ്റു വല്ലതിന്റെയോ വെറും മണിയത്രെ വിതെക്കുന്നത്; ദൈവമോ തന്റെ ഇഷ്ടപ്രകാരം അതിന്നു ഒരു ശരീരവും ഓരോ വിത്തിന്നു അതതിന്റെ ശരീരവും കൊടുക്കുന്നു ...
>
> മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നെ. ദ്രവത്വത്തിൽ വിതെക്കപ്പെടുന്നു. അദ്രവത്വത്തിൽ ഉയിർക്കുന്നു; അപമാനത്തിൽ വിതെക്കപ്പെടുന്നു, തേജസിൽ ഉയിർക്കുന്നു; പ്രാകൃതശരീരം വിതെക്കപ്പെടുന്നു, ആത്മിക ശരീരം ഉയിർക്കുന്നു; പ്രാകൃതശരീരം ഉണ്ടെങ്കിൽ ആത്മിക ശരീരവും ഉണ്ട് ... ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം; നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കുമ്പോൾ, മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നു എഴുതിയ വചനം നിവൃത്തിയാകും. “ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ?” ... നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ജയം നൽകുന്ന ദൈവത്തിന്നു സ്തോത്രം (1 കൊ. 15:35–57).

ആസന്നം എന്ന വിഷയം പ്രായോഗികമായി തീർച്ചയുള്ളതാണ്: ജഡം മാറുവാനിരിക്കയാൽ പിന്നെ എന്തിനാണ് ജഡത്തെ കൂടുതൽ ശ്രദ്ധിക്കുന്നത്? നിങ്ങളുടെ ഹൃദയം സ്വർഗീയ ഉദ്ദേശത്തിൽ ശ്രദ്ധിക്കണം: “താഴ്മയുള്ള ശരീരത്തിന്റെ” മാറ്റം (ഫിലി. 3:20; ആർഎസ്‌വി).

വിവരിച്ചതായ നാടകീയ മാറ്റം വരുത്തുവാൻ ക്രിസ്തുവിനു കഴിയുമോ? അവന്നു കഴിയുമെന്നാണ് പൗലൊസ് തന്റെ വായനക്കാർക്ക് ഉറപ്പ് നൽകുന്നത്–അവൻ സകലവും തനിക്കു **കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് മാറ്റും**. *സ്വർഗീയ ശക്തി* ഉൾപ്പെടുത്തിയിരിക്കുന്ന–ശക്തമായ പ്രസ്താവനയാണ് അത്. “എക്സെർഷൻ” തർജിമ ചെയ്തിരിക്കുന്നത് *എനെ*

*ർജെയിയാ* എന്ന വാക്കാണ്, അതിൽനിന്നാണ് നമുക്ക് "എനെർജി" എന്ന വാക്ക് ലഭിച്ചത്. "*എനെർജെയിയാ* വെറും 'ശക്തിയല്ല' സൂചിപ്പിക്കുന്നത്, മറിച്ച് 'പ്രവൃത്തിയിലുള്ള ശക്തിയാണ്.' 'വ്യാപാരശക്തി,' 'പ്രവർത്തിക്കുന്ന ശക്തി' "[19] (കെജെവി നോക്കുക). "ശക്തി" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *ഡുനാമായി* ആണ്, ആ വാക്കിൽനിന്നാണ് സ്ഫോടക ശക്തിയുള്ള വാക്ക് "ഡൈനെമൈറ്റ്" ലഭിച്ചിരിക്കുന്നത്.

യേശുവിനു എത്രമാത്രം "ശക്തിയുണ്ട്"? അവനു "സകല അധികാരവുമുണ്ട്" (മത്താ. 28:18). "സർവ്വവും" "അവന്റെ കാൽക്കീഴാക്കി വെച്ചിരിക്കുന്നു" (എഫെ. 1:22; 1 കൊ. 15:27 നോക്കുക). "അവന്റെ വചനത്തിന്റെ ശക്തിയാലാണ് സർവ്വവും വഹിക്കുന്നത്" (എബ്രാ. 1:3). അവന്റെ "ശക്തി സർവ്വദേശീയവും തികവുള്ളതുമാണ്."[20] "സകലവും യേശുവിന്റെ കാൽക്കീഴിലാക്കുവാനുള്ള" ദൈവത്തന്റെ കഴിവ് നമ്മെ മരിച്ചവരിൽനിന്നുയർത്തുവാനും, ദ്രവിക്കുന്നതും ജഡികവുമായ നമ്മുടെ ശരീരങ്ങളെ അമർത്യവും ആത്മികവുമാക്കി മാറ്റുവാൻ ശക്തമാണ്.

---

*സ്വർഗീയമായ ഊന്നൽ* പൗലൊസ് 4:1–ൽ സ്വർഗീയ ധർമ്മോപദേശത്തോടെ തുടരുകയാണ്. "അതുകൊണ്ട് എന്റെ പ്രിയരും വാഞ്ഛിതരുമായ സഹോദരന്മാരേ." അദ്ധ്യായം 3 ലെ അവസാന വാക്യങ്ങൾ ബന്ധിപ്പിക്കുന്നതാണ് "അതുകൊണ്ട്" എന്ന വാക്ക്.

ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "ക്രിസ്ത്യാനികൾ വിയോജിക്കുമ്പോൾ" എന്ന പാഠത്തിൽ അദ്ധ്യായം 4 ന്റെ ഒന്നാം വാക്യം ചർച്ച ചെയ്തിരിക്കുകയാണ്, എന്നാൽ ചില അഭിപ്രായങ്ങൾ നൽകുന്നത് ഇവിടെ പ്രസക്തമാണ്. "ഇങ്ങനെ" എന്നു പറയുന്നത് പൗലൊസ് നൽകുന്ന ആത്മിയ മാർഗമാണ്: ക്രിസ്തുവിനെ ആദ്യം ചിന്തിക്കുന്ന മാർഗമാണ് അത്, പിമ്പിലുള്ളത് മറന്നു മുമ്പിൽ വെച്ചിരിക്കുന്നതിനെ ലാക്കാക്കി ഓടുന്ന പാതയാണ് അത്, ഭൂമിയിലുള്ളത് ചിന്തിക്കുന്നതിനു പകരം ഉയരത്തിലുള്ളത് ചിന്തിക്കുന്നതാണ് ആ മാർഗം.

"ഇങ്ങനെ" എന്നു പറഞ്ഞ് പൗലൊസ് തന്റെ വായനക്കാർ "നിലനിൽപാൻ" ആഗ്രഹിച്ചു. "നിലനിൽക്കുക" എന്നത് തർജിമ ചെയ്തിരിക്കുന്ന *സ്റ്റെകോ* ആണ്, അർത്ഥം, ഒരു പടയാളിയെപോലെ, ഇളകാതെ, വലിയാതെ –യുദ്ധമദ്ധ്യേ പിൻവാങ്ങാതെ നിൽക്കുക എന്നാണ് (എഫെ. 6:10–17 നോക്കുക). ക്രിസ്ത്യാനികൾ ബഹുവിധമായ സമ്മർദ്ദങ്ങളാണ് നേരിടുന്നത്: ലോകത്തിന്റെ പിടിവലിയും ജഡത്തിന്റെ ഇഛയും (റോമർ 12:2; 1 യോഹ. 2:16), ദുരുപദേഷ്ടാക്കന്മാരുടെ ആകർഷണവും (പ്രവൃ. 20:30; 2 തിമൊ. 4:3), ഉപദ്രവ ഭീഷണിയും (2 തിമൊ. 3:12). അവക്കെല്ലാമെതിരായിട്ടാണ് പൗലൊസ് "നിലനിൽക്കുവാൻ!" പറഞ്ഞത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ "കടന്നാക്രമണം എന്തായാലും, നിങ്ങളുടെ നിലം ഉറപ്പിക്കുക." ഫിലിപ്പിയരെ അവൻ പ്രബോധിപ്പിച്ചത് "ഇളകാതെ, സ്ഥിരോൽസാഹത്തിൽ നിൽക്കുവാനാണ്" (1 കൊ. 15:58).

"കർത്താവിൽ" എന്ന പ്രയോഗം മുൻപ് പറഞ്ഞിട്ടാണ് "നിലനിൽക്കുക" എന്നു പറഞ്ഞത്. അതിനർത്ഥം, "ആ അധികാരത്തിന് മനസോടെ കീഴ്പ്പെടുക" എന്നാണ്.[21] കർത്താവിന്റെ *ശക്തിയിൽ* നാം നിലനിൽക്കുക എന്നും അതിന് അർത്ഥമുണ്ട് (എഫെ. 6:10).

## പ്രായോഗികത

### അനുകാരികൾ (3:17)

നല്ല മാതൃകയുടെ പ്രാധാന്യം പൗലൊസ് എടുത്തു കാണിച്ചു–നല്ല മാതൃകയായി തീരുന്നതിനെ കുറിച്ച് 3:17 പറയുന്നു. അനുകാരികൾ ആകുവാൻ ജനിക്കപ്പെട്ടവരാണ് നാം. അമ്മയുടെ വസ്ത്രം ധരിക്കുവാൻ ശ്രമിക്കുന്ന ഒരു പെൺകുട്ടിയെയും അപ്പന്റെ കാൽപാടുകളിൽ കാലുകൾ എടുത്തു വെക്കുവാൻ ശ്രമിക്കുന്ന ഒരാൺകുട്ടിയെയും മനസിൽ കൊണ്ടുവരിക. ഇന്നു–കാണുന്ന പല പ്രാഗത്ഭ്യങ്ങളും അനുകരണത്തിന്റെ ഫലമാണ്. നമ്മുടെ ആത്മിയമായ ജീവിതങ്ങളെ സംബന്ധിച്ച് സഹോദരന്മാർ എങ്ങനെയാണ് ദൈവത്തിന്റെ കൽപനകൾ പ്രാവർത്തികമാക്കുന്നത് എന്നു നോക്കുക. അതിനു *വായിക്കേണ്ടത്* കർത്താവിൽ ആശ്രയിക്കേണ്ടതിന്റെ ആവശ്യകതയാണ് (1 തിമൊ. 4:10; എബ്രാ. 2:13). ക്രിസ്ത്യാനി നല്ല സമയത്തും മോശമായ സമയത്തും ദൈവത്തിൽ ആശ്രയിക്കുന്നത് മറ്റുള്ളവർ *കാണണം*.

കുറച്ചു ഉപദേഷ്ടാക്കന്മാർക്ക് മാത്രമെ “എന്നെ അനുകരിപ്പിൻ” എന്നു ധൈര്യത്തോടെ പറയുവാൻ കഴിയു. അതേ സമയം, എല്ലാ ദൈവദാസന്മാരും അവർക്ക് ഇഷ്ടമായാലും ഇല്ലെങ്കിലും, അവർ അനുകാരികളായിരി*ക്കണം*. ഇത് ദൈവവചനം പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന നമുക്ക് ഓരോരുത്തർക്കും ഇത് എത്രമാത്രം ഉത്തരവാദിത്തമാണ് നൽകിയിരിക്കുന്നത്! (യാക്കൊ. 3:1 നോക്കുക). പൊതുപ്രവർത്തകരെ സംബന്ധിച്ച് മാത്രമല്ല ഇത് വാസ്തവം; എല്ലാ ക്രിസ്ത്യാനികളെ സംബന്ധിച്ചും വാസ്തവമാണ് (മത്താ. 5:13–16). നാം ഒന്നുകിൽ നല്ല മാതൃകകളായിരിക്കും, അല്ലെങ്കിൽ മോശമായ മാതൃകകളായിരിക്കും. എല്ലാറ്റിലും മുകളിലായി ക്രിസ്തുവിനെ സ്വീകരിക്കുന്നവരും സ്വർഗീയ നിക്ഷേപങ്ങൾ ഹൃദയത്തിൽ സ്വീകരിക്കുന്നവരുമായിരിക്കണം.

### ഇന്ന് ക്രൂശിന്റെ ശത്രുക്കൾ ആയിരിക്കുന്നവർ (3:18, 19)

വാക്യം 18 ലേയും 19 ലേയും പരാമർശങ്ങൾ വിശാലവും വ്യത്യസ്തവുമാണ്. മതപരമായ “നിയമത്തെ മുറുകെ പിടിക്കുന്നവർ” (പഴയ നിയമം യെഹൂദന്മാരിൽ അടിച്ചേൽപിക്കുവാൻ ശ്രമിക്കുന്നവർ) മതപരമായി “ഉദാരമതികളായവർക്ക്” (കൽപനകൾ അനുസരിക്കേണ്ട ആവശ്യമില്ലെന്നു കരുതുന്നവർ) അപരാധികളുടെ സാധ്യമായ ലിസ്റ്റ് തയ്യാറാക്കുന്നു. ധാർമ്മികവും മതപരവുമായ *ഏതൊരു* തെറ്റിനും പ്രായോഗികമാക്കാവുന്ന വിവരണമാണ് പൗലൊസിന്റേത്. പൊതുവായ പ്രായോഗികത വരുത്തി നമുക്ക് ഇപ്പോൾ വാക്യം 18, 19 നെ മറ്റൊരു കാഴ്ച്ചപ്പാടിൽ നോക്കാം.

ആളുകൾക്ക് ഇന്നും ക്രൂശിന്റെ ശത്രുക്കളാകുവാൻ കഴിയും എന്നതാണ് ദുഃഖകരമായ സത്യം. ക്രൂശ് ക്രിസ്ത്യാനിത്വത്തിന്റെ കേന്ദ്രബിന്ദുവാണ്. “ക്രൂശ് മുഖാന്തരമാണ് നാം ദൈവത്തോട്” നിരപ്പിലാകുന്നത് (എഫെ. 2:16); “... രക്ഷിക്കപ്പെട്ട നമുക്ക് അത് ദൈവശക്തിയാകുന്നു” (1 കൊ. 1:18). പൗലൊസ് കൊരിന്ത്യരോട് പറഞ്ഞു, “ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു” (1 കൊ. 2:2). വീണ്ടും, അവൻ എഴുതി, “എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്ര

ശംസിപ്പാൻ ഇടവരരുത്" (ഗലാ. 6:14). തീർച്ചയായും, നാം ക്രൂശിനെ കുറിച്ച് സംസാരിക്കുമ്പോൾ, "യേശുവിനെ തറെച്ച മരക്കുരിശ്" അല്ല നമ്മുടെ മനസിൽ വരുന്നത്, മറിച്ച് ആ ക്രൂശ് എന്തിനു വേണ്ടി നിലകൊള്ളുന്നു എന്നതാണ്: ദൈവത്തിന് നമ്മോടുള്ള സ്നേഹം, യേശുവിന്റെ യാഗം, ആത്മാക്കളുടെ രക്ഷ, സ്വയം-ത്യജിക്കൽ എന്ന വെല്ലുവിളി, തുടങ്ങിയവ.

യേശു ദൈവമാണെന്നും നമ്മുടെ രക്ഷക്കുവേണ്ടി അവൻ മരിക്കേണ്ടതാണെന്നും ബൈബിൾ പഠിപ്പിക്കുന്നത് ഒരാൾ വിശ്വസിക്കുന്നില്ലെങ്കിൽ, അയാൾ ക്രൂശിന്റെ ശത്രുവാണ്. ക്രൂശ് അനാവശ്യമാണെന്ന് പഠിപ്പിക്കുന്ന മതപരമായ സംഘങ്ങളും ക്രൂശിന്റെ ശത്രുക്കളാണ്. അവിശ്വസ്തരായി ജീവിക്കുന്ന ക്രിസ്ത്യാനികൾ ക്രൂശിന്റെ ശത്രുക്കളാണ് കാരണം, അവരുടെ അഭക്തിയും, അനുതാപമില്ലാത്ത ജീവിതവും നിമിത്തം "തങ്ങൾക്ക് തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരുമാണ്" (എബ്രാ. 6:6). ക്രൂശിന്റെ മിക്ക ശത്രുക്കളും തങ്ങൾ ശത്രുക്കളാണെന്ന് *അവകാശപ്പെടുകയില്ല*; അവർ അങ്ങനെയാണെന്ന് ചിലപ്പോൾ അറിവുള്ളവരും ആയിരിക്കണമെന്നില്ല; എങ്കിലും, അവരുടെ ജീവിതത്താലും ഉപദേശത്താലും, ക്രൂശ് പ്രതിനിധാനം ചെയ്യുന്നതിനെ എതിർക്കുന്നവരാണ്.

**നിന്ദ്യമായതിനെ കുറിച്ചുള്ള പൊങ്ങച്ചം (3:19)**

3:19 ലെ "ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു" എന്ന പ്രയോഗം, സിഇൗവിയിൽ പറയുന്നത് "നിന്ദ്യമായവ ചെയ്തിട്ട് അതിൽ പ്രശംസിക്കുക" എന്നാണ്. ധാരാളം ഉദാഹരണങ്ങൾ എന്റെ മനസിലേക്ക് കടന്നു വരുന്നു:

പുരുഷന്മാർ ലൈംഗിക ചൂഷണത്തെ കുറിച്ച് പ്രശംസിക്കുന്നു.
കഴിഞ്ഞ രാത്രിയിലെ മദ്യപാനത്തിൽ യുവാക്കൾ പ്രശംസിക്കുന്നു.
പ്രായപൂർത്തിയായവർ തങ്ങളുടെ വ്യാപാരത്താൽ എങ്ങനെ (ചതിച്ച്) ലാഭമുണ്ടാക്കി എന്ന് വീമ്പിളക്കി സംസാരിക്കുന്നു.
തങ്ങളുടെ ദുഷ്ടതയിൽ ഉള്ള "സഹിഷ്ണുതയെ" പൊങ്ങച്ചമായി സംസാരിക്കുന്നു (1 കൊ. 5:2 നോക്കുക).
പുസ്തകങ്ങൾ, നാടകങ്ങൾ, ടെലിവിഷൻ പരിപാടികൾ, സിനിമാ എന്നിവ ദൈവ നിന്ദക്കായും, കാപട്യത്തിലും, ലജ്ജിത്തക്ക നഗ്നതയും, ദുർന്നടപ്പും വ്യഭിചാരവും എല്ലാം അതിനുദാഹരണമാണ്.

യിരെമ്യാവ് 6:15 ആണ് എനിക്ക് ഓർമ്മ വരുന്നത്: "അവർ ലജ്ജിക്കുകയോ നാണം അറികയോ ചെയ്തിട്ടില്ല" യെശയ്യാവ് 5:20 ഇതിനോട് യോജിക്കുന്നു: "തിന്മക്ക് നന്മ എന്നും നന്മെക്കു തിന്മ എന്നും പേർ പറകയും; ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും; കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം" തോമസ് മാന്റൺ എഴുതി, "പുരുഷന്മാർ തലകീഴാക്കിയിരിക്കുന്നു ... പുരുഷന്മാർ വീണിരിക്കുന്നു; എവിടെ വെറുപ്പായിരിക്കണമോ അവിടെയാണ് അവന്റെ സ്നേഹം, സ്നേഹം ആയിരിക്കേണ്ട സ്ഥാനത്താണ് അവന്റെ സ്നേഹം. എവിടെ ലജ്ജിക്കപ്പെടേണമോ അവിടെ ആണ് അവനു മാനമുള്ളത്, യഥാർത്ഥത്തിൽ മാനമുള്ളതിൽ അവനു ലജ്ജയാണുള്ളത്."[22]

**“ഈ ലോകം എന്റെ ഭവനം അല്ല” (3:19, 20)**

ഇപ്പോൾ നിങ്ങൾ എവിടെയാണ്–കെട്ടിടത്തിന്റെ അകത്താണോ അതോ പുറത്താണോ? നിങ്ങൾ എവിടെയാണെങ്കിലും ഒന്നു ചുറ്റും നോക്കുക. നിങ്ങൾ എന്താണ് കാണുന്നത്? ഇപ്പോൾ, നിങ്ങളുടെ കൈകൊണ്ട് എന്തെങ്കിലും തൊടുക. അത് ഒരു ഉപകരണമായിരിക്കാം. നിങ്ങൾ പുറത്താണെങ്കിൽ, തൊടുന്നത് പുല്ലിലോ അല്ലെങ്കിൽ മണ്ണിലൊ ആയിരിക്കാം. നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ ഈ ലോകത്തിലെ അനുഭവം അതാണ്. നമുക്ക് പരിചയമുള്ള ലോകം ഇതാണ്. ഭൂവാസികളിൽ ഭൂരിഭാഗവും ആകർഷിക്കപ്പെടുന്ന ലോകം ഇതാണ്. എങ്ങനെയായാലും, ഈ ലോകം താൽക്കാലികമാണെന്നും അത് കർത്താവ് മടങ്ങി വരുമ്പോൾ ഇല്ലാതാകും എന്ന് ക്രിസ്ത്യാനികൾ തിരിച്ചറിയുന്നു (2 പത്രൊ. 3:4, 9, 10). തന്റെ സ്ഥിരമായ ഭവനം *സ്വർഗം* ആണെന്നു അവന് അറിയാം–അവന്റെ ശ്രദ്ധ അതിൽ കേന്ദ്രീകരിക്കുകയും വേണം.

---

കുറിപ്പുകൾ

[1]ജെയിംസ് എം. ടോൾ. *നോട്ട്സ് ഓൺ ഫിലിപ്പിയൻസ്* (സാൻഫെർണാന്റോ, കാഹ്റ്റ്.: ടോൾ പബ്ലിക്കേഷൻസ്, 1972), 59 (എംഫസിസ് ആഡഡ്). [2]സംയുക്ത വാക്കിലെ *സൺ* എന്നത് വിവിധ രീതിയിൽ ഉച്ചരിക്കാം, ഇവിടെ *സം* എന്നാണ്. [3]ഡബ്ലിയു. ഈ. വൈൻ, *ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ് വേർഡ്സ്*, എഡി. ജോൺ ആർ. കോഹ്ലെൻബെർജർ (മിന്നപ്പൊലിസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 715. കെജെവിയിൽ ഉപയോഗിച്ച വാക്ക് “മാർക്” എന്നാണ്. ചില ആളുകൾ “മാർക്ക്” എന്ന വാക്ക് തെറ്റിദ്ധരിച്ച് ഒരു കടലാസിൽ (എഴുതുമ്പോൾ) ഉപയോഗിക്കുന്ന അടയാളമായി പറയുന്നു. മറിച്ച് അതിനെ താഴെ പറയുന്ന വിധത്തിൽ ഒരു വാചകത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. എന്റെ വാക്കുകൾ “അടയാളപ്പെടുത്തുക” എന്നു പറഞ്ഞാൽ, “എന്റെ വാക്കുകൾ *ശ്രദ്ധിക്കുക*യും, *ഓർമ്മിക്കുക*യും ചെയ്യുക” എന്നാണ്. [4]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, *ഫിലിപ്പിയൻസ്, വേർഡ് ബിബിളിക്കൽ കമെന്ററി.* വാല്യം 43 (വാക്കാ, ടെക്സ്.: വേർഡ് ബുക്സ്, 1983), 159. [5]ആ ദുരുപദേഷ്ടാക്കന്മാരെ വിവിധ എഴുത്തുകാർ പല രീതിയിലാണ് വിവരിച്ചിരിക്കുന്നത്. കൃപ ക്രിസ്ത്യാനിക്ക് പാപം ചെയ്യുവാനുള്ള അധികാരം നൽകുന്നു എന്ന് ഒരുപക്ഷെ അവർ പഠിപ്പിച്ചിരിക്കാം (റോമർ 6:1), അല്ലെങ്കിൽ നോസ്റ്റിക്കുകാർക്ക് മുൻപുണ്ടായിരുന്ന അസാധാരണ “ജ്ഞാനം” അവകാശപ്പെട്ടിരുന്ന കൂട്ടം ഉണ്ടായിരുന്നേക്കാം (1 തിമൊ. 6:20 നോക്കുക) അങ്ങനെ ഒരാൾക്ക് ദൈവകൽപന പ്രമാണിക്കാതിരിക്കാം (1 യോഹ. 2:3, 4 നോക്കുക). ക്രിസ്ത്യാനികൾക്ക് പാപം ചെയ്യുവാനുള്ള ലൈസൻസ് നൽകിയതു നിമിത്തം അവരെ “ലിബർട്ടിസ്” എന്നു വിളിച്ചിരുന്നു (ഗലാ. 5:13 നോക്കുക). കൃത്യമായി അവരെ തിരിച്ചറിയേണ്ട ആവശ്യമില്ല. ഇത്തരം ഉപദേഷ്ടാവിനെ പൊതുവായി 2 പത്രൊസ് 2 ൽ വിവരിച്ചിരിക്കുന്നു. [6]യെഹൂദ ഉപദേഷ്ടാക്കന്മാരെയും അന്യദേവന്മാരെ നമസ്ക്കരിച്ചിരിക്കുന്നവരുടെ ഉപദേഷ്ടാക്കന്മാരെയും ഇവരിൽ ഉൾപ്പെടുത്തിയാണ് വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നത്. എങ്ങനെയായാലും, *ക്രിസ്ത്യാനികൾ* ആയ ദുരുപദേഷ്ടാക്കന്മാരെ ആണ് പൗലൊസ് ഉദ്ദേശിച്ചത് എന്ന് മിക്ക വ്യാഖ്യാതാക്കളും സമ്മതിക്കും. പൗലൊസ് വിഷമിക്കുവാൻ (“കരഞ്ഞു”) കാരണം ക്രിസ്ത്യാനികൾ തങ്ങളുടെ സഹോദരന്മാരെയായിരുന്നു വഴിതെറ്റിച്ചത്. [7]വൈൻ, 1218. [8]ദുഷ്ടന്മാരെ “നശിപ്പിക്കുമ്പോൾ” അവരെ ഉന്മൂലനാശം വരുത്തുകയാണ് (പിന്നെ നിലനിൽക്കാത്തവിധം) എന്ന് ചിലർ പഠിപ്പിക്കുന്നു,

പക്ഷെ *അപോലെയിയാ* എന്ന വാക്ക് സൂചിപ്പിക്കുന്നത്, “ക്ഷേമാ–വസ്ഥ ഇല്ലാതാകുന്നു, അല്ലാതെ വ്യക്തിത്വമല്ല.” (വൈൻ, 295). [9]“വയറ്” അല്ലെങ്കിൽ “ഉദരം” എന്നു പറയുന്നതിൽ ശരീരത്തിന്റെ താഴെയുള്ള ലൈംഗിക അവയവങ്ങൾ അടക്കമുള്ള ഭാഗവും ഉൾപ്പെടുത്തിയിരിക്കുന്നു എന്നാണ് ചില വ്യാഖ്യാതാക്കൾ കരുതുന്നത്. വിവാഹത്താലുള്ള ലൈംഗികബന്ധം മാത്രമാണ് തിരുവെഴുത്ത് അനുവദിക്കുന്നത് (എബ്രാ. 13:4 നോക്കുക), മറ്റെല്ലാ ലൈംഗിക ബന്ധത്തെയും ബൈബിൾ വിലക്കിയിരിക്കുകയാണ് (റോമർ 13:9; 1 കൊ. 6:18 നോക്കുക). (എൻഏഎസ്ബി സാധാരണ “ഫോർണിക്കേഷൻ” എന്ന വാക്കിനുള്ള ഗ്രീക്ക് വാക്ക് ഇംഗ്ലീഷിൽ തർജിമ ചെയ്തിരിക്കുന്നത് “ദുർന്നടപ്പ്” എന്നാണ്). [10]ചാൾസ് ആർ. ഏർഡ്മാൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്* (ഫിലദെൽഫിയ: ദ വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1932, റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1983), 128.

[11]ഈ പദപ്രയോഗം എടുത്തിരിക്കുന്നത് ചാൾസ് ആർ. സ്വൈന്റൽ, *ലാഫ് എഗെയിൻ* (ഡള്ളാസ്: വേർഡ് പബ്ലിഷിങ് 1992), 166. [12]വാക്യം 18 ലും 19 ലും, പൗലൊസിന്റെ ചിന്താധാര ഇടക്ക് ചേർത്തതാകാൻ സാധ്യതയുണ്ട്. (കെജെവിയിലെ ഇടക്ക് ചേർത്തത് നോക്കുക). [13]വ്യാഖ്യാതാക്കൾ പറയുന്നത് ഫിലിപ്പിയർ 3:20, 21 പ്രാരംഭ സഭ കീർത്തനമായി ഉപയോഗിച്ചിരുന്നു എന്നാണ്, പക്ഷെ അങ്ങനെ കരുതുവാൻ കാരണം ഒന്നും കാണുന്നില്ല. [14]മെക് മോട്ടിർ, ദ മെസേജ് ഓഫ് ഫിലിപ്പിയൻസ്: ജീസസ് അവർ ജോയ്. ദ ബൈബിൾ സ്പീക്സ് ടുഡേ (ഡൗണേഴ്സ് ഗ്രോവ് Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1984), 196. അദ്ദേഹത്തിന്റെ തിരുവെഴുത്ത് ഉദ്ധരണി, 1 തെസ്സ. 4:17 ആണ്. [15]ഹാവ്ത്രോൺ, 171. [16]മൂല വേദഭാഗം എടുത്തു കാണിക്കുന്നത് “ശരീരത്തിന്റെ താഴ്ച്ചയുള്ള” അവസ്ഥയെയാണ്. 2:3 ലെ “താഴ്മ” എന്നതിനും 2:8 ലെ “താഴ്ത്തി” എന്നതിനും ഉപയോഗിച്ച മൂല വാക്ക് തന്നെയാണ് ഇവിടെയും “താഴ്ച്ചയുള്ള” എന്നതിനു ഉപയോഗിച്ചിരിക്കുന്നത്. കെജെവിയിൽ ലാറ്റിൻ വാക്ക് “വൈൽ” എന്നാണ് അർത്ഥം, “വിലകുറഞ്ഞ, വിലയില്ലാത്ത.” [17]ആവൻ മലോൺ, *പ്രെസ് ടു ദ പ്രൈസ്: സ്റ്റഡീസ് ഇൻ ഫിലിപ്പിയൻസ്* (നാഷിലേ:20ത് സെഞ്ചുറി ക്രിസ്റ്റ്യൻ, 1991), 98. [18]ഏർഡ്മാൻ, 130. [19]ഹാവ്ത്രോൺ, 173. [20]റിച്ചാർഡ് ബി. ഗഫിൻ, ജൂനിയർ., നോട്ട്സ് ഓൺ ഫിലിപ്പിയൻസ്, *ദ എൻഐവി സ്റ്റഡി ബൈബിൾ,* എഡി. കെന്നെത്ത് ബാർക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1985), 1808.

[21]വൈൻ, 1084. [22]ക്വോട്ടഡ് ഇൻ ജോൺ എ. നൈറ്റ്, വില്യം എം. ഗ്രെയിറ്റ്ഹൗസ്, ആന്റ് ജെ. ഫ്രെഡ് പാർക്കർ. *ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ*, ബീക്കൺ ബൈബിൾ എക്സ്പൊസിഷൻസ് (കൻസാസ് സിറ്റി, മോ.: ബീക്കൺ ഹിൽ പ്രസ്, 1985), 108.